"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലാ ഓഫീസിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീ. ജയേഷ് ബി. കെ - യുടെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

സ.ഉ.(സാധാ) നം.459/2025/GAD തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22.05.2024- ലെ എസി1-1/142/2022-കെ.പി.എസ്.സി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലാ ഓഫീസിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീ. ജയേഷ് ബി. കെ - യുടെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ദാതാവ് ആയ ടിയാന്റെ ഭാര്യയുടെ ശസ്ത്രക്രിയയ്ക്കായി കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചെലവായ 1,17,722/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 54,356/-രൂപ മെഡിക്കൽ റീഇംപേഴ്സ്മെന്റായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ മേൽ പരാമർശം പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലാ ഓഫീസിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. ജയേഷ് ബി. കെ - യുടെ ഭാര്യ സർവ്വീസിൽ ഉള്ള വ്യക്തിയല്ലായെന്ന സാക്ഷ്യപത്രം അപേക്ഷകനിൽ നിന്നും കൈപ്പറ്റി ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, ടിയാന്റെ ഭാര്യയുടെ ചികിൽസയ്ക്കായി 08.06.2022 മുതൽ 26.07.2022 വരെയുള്ള കാലയളവിൽ കോഴിക്കോട് ആസ്റ്റർ മിംസ്ആശുപത്രിയിൽ ചെലവായ 1,17,722/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 54,356/- രൂപയുടെ 80% ആയ 43,485/- രൂപ (നാൽപ്പത്തി മൂവായിരത്തി നാനൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)

ശ്രീ. ജയേഷ് ബി. കെ., 'അഭിരാമം', ഭഗവതി കണ്ടി ഹൗസ്, പള്ളിപ്പുറം, ഒളവണ്ണ പി.ഒ., കോഴിക്കോട്-673019

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കോഴിക്കോട്
വെബ് &ന്യൂമീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 31-01-2025 16:49:39
സെക്ഷൻ ഓഫീസർ